# Deepika

## 25 August 2018

## Kochi; Flood, Cleaning, Disaster Management



# പഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തനം ഊർജിതം

**കൊച്ചി:** പ്രളയക്കെടുതിയിൽ തകർന്ന വീടുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവ ഉപയോഗയോഗ്യമാക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിക്കുന്നു. 82 ഗ്രാമപഞ്ചായത്തുകളിലെ ശുചീകരണ പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 2640 വീടുകളും പ്രളയബാധിതമായിരുന്നു. ഇവിടത്തെ 1113 വീടുകളിൽ ശുചീകരണപ്രവർത്തനങ്ങളുടെ പ്രാഥമികഘട്ടം കഴിഞ്ഞു.

എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ പത്ത് വീടുകൾ മാത്രമാണു പ്രളയബാധിതമായത്. മുളവുകാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇരുന്നൂറോളം വീടുകൾ എട്ട് സ്ക്വാഡുകളിലായി തിരിഞ്ഞു ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഹരിതകേരള മിഷന്റെ 28 വോളണ്ടിയേഴ്സിന്റെ സഹകരണത്തോടെയാണു വടക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് ശുചീകരണപ്രവർത്തനങ്ങൾ നടത്തിവരുന്നത്.

കരുമാലൂർ, ചിറ്റാറ്റുകര, ചേന്നമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓഫീസുകളിൽ ഫയലുകളും മറ്റും ഉണക്കി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. പള്ളിപ്പുറം, ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, ഏഴിക്കര, കുഴുപ്പിള്ളി, കോട്ടുവള്ളി, ആലങ്ങാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ സന്നദ്ധ സേന രൂപീകരിച്ചാണു ശുചീകരണം.

കടുങ്ങല്ലൂരിൽ കണ്ണൂരിൽനിന്നുള്ള മുപ്പതോളം പേരടങ്ങിയ സന്നദ്ധ സേന അംഗങ്ങളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. വരാപ്പുഴയിൽ അഡ്വക്കേറ്റ് അസോസിയേഷന്റെ സഹകരണത്തോടെ ഒരു വാർഡിലെ ശുചീകരണപ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടം പൂർത്തിയാക്കി. മുളവുകാട്നിന്നുള്ള സന്നദ്ധസേന അംഗങ്ങളും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാണ്.

കുന്നുകര പഞ്ചായത്തിലെ പ്രളയബാധിതമായ 300 വീടുകളിലും കാഞ്ഞൂരിൽ 1150 വീടുകളിലും ശ്രീമൂലനഗരത്തിൽ 640 വീടുകളിലും ശുചീകരണപ്രവർത്തനങ്ങളുടെ പ്രാഥമികഘട്ടം കഴിഞ്ഞു. തുറവൂരിൽ 30 വീടുകളും പാറക്കടവിൽ 1200 വീടുകളും മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് 2000 വീടുകളും നെടുമ്പാശേരിയിൽ 200 വീടുകളും ചെങ്ങമനാട് 340 വീടുകളും മുക്കന്നൂരിൽ 44 വീടുകളും മഞ്ഞപ്രയിൽ 484 വീടുകളും അയ്യമ്പുഴയിൽ 40 വീടുകളും കാലടിയിൽ 311 വീടുകളും പുത്തൻവേലിക്കരയിൽ 200 വീടുകളും കറുകുറ്റിയിൽ 80 വീടുകളും പ്രാഥമികമായി നന്നാക്കി.

പിണ്ടിമന പഞ്ചായത്തിൽ പ്രളയബാധിതമായ ഒരു വാർഡിലെ 53 വീടുകളിലെയും കുട്ടമ്പുഴയിലെ 13 വാർഡുകളിലെ 218 വീടുകളിൽ 111 വീടുകളിലെയും കോട്ടപ്പടിയിൽ രണ്ടു വാർഡുകളിലെ 17 വീടുകളിലെയും പോത്താനിക്കാട് ആറു വാർഡുകളിലെ 72 വീടുകളിലെയും ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൈങ്ങോട്ടൂരിൽ ഏഴു വാർഡിലെ 74 വീടുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടം കഴിഞ്ഞു. കൂവപ്പടിയിൽ 17 വാർഡുകളിലെ 2811 വീടുകളിൽ 104 വീടുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയത്. മുടക്കുഴയിൽ ഏഴു വാർഡുകളിലെ അഞ്ഞൂറോളം വീടുകളിൽ 250 വീടുകളിലെയും ഒക്കലിൽ 16 വാർഡുകളിലെ 500 വീടുകളിൽ 45 ശതമാനം വീടുകളിലെയും വാരപ്പെട്ടി പത്ത് വാർഡുകളിലെ 237 വീടുകളിൽ 134 വീടുകളിലെയും വേങ്ങൂരിൽ ഏഴ് വാർഡുകളിലെ 275 വീടുകളിലെയും കീരംപാറയിൽ നാല് വാർഡുകളിലെ 157 വീടുകളിലെയും നെല്ലിക്കുഴിയിൽ നാല് വാർഡുകളിലെ 128 വീടുകളിലെയും ശുചീകരണ പ്രവർത്തനങ്ങളും മറ്റു കെട്ടിടങ്ങളിലെ ശുചീകരണവും പുരോഗമിക്കുന്നു. കീഴ്മാട്, വാഴക്കുളം, ചൂർണ്ണിക്കര, പൂത്തൃക്ക, വാളകം എന്നിവിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പായിപ്രയിൽ പ്രളയബാധിതമായ മുഴുവൻ വീടുകളും ആവോലിയിൽ 452 വീടുകളിൽ 316 വീടുകളിലെയും ആരക്കുഴ, രാമമംഗലം എന്നിവിടങ്ങളിലും ശുചീകരണം നടന്നുവരുന്നു.